# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2689 17.10.2016- ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ പുനരധിവാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. ജോസഫ്<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |

എ) സ്വദേശി വത്കരണം മൂലം ഗൾഫ് രാജ്യങ്ങളിൽ നിന്നും 2016 ജനുവരി 1 മുതൽ നാളിതുവരെ എത്ര പ്രവാസികളാണ് മടങ്ങി വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

എ) തിരികെയെത്തുന്ന പ്രവാസി കേരളീയർക്കായി നോർക്ക റൂട്ട്സ് ഒരു ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ 2016 ജനുവരി 1 മുതൽ നാളിതുവരെ 1692 പ്രവാസികൾ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് നോർക്ക എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും അതിൽ ഏതൊക്കെ പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

ബി) തിരികെ വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നിലവിലുണ്ട്.

തിരികെയെത്തുന്ന പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടി ക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുകയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി വിഭാവന ചെയ്യുന്നത്. ചുരുങ്ങിയത് രണ്ടു വർഷം വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ

| | | | |
|---|---|---|---|
| | | | ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നാളിതുവരെയായി ഈ പദ്ധതിയിൻ കീഴിൽ 1254 പേർക്ക് ലോൺ അനുവദിക്കുകയും, 11.45 കോടി രൂപ മൂലധന /പലിശ സബ്സിഡിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | ഇവരെ മടക്കിക്കൊണ്ടു വരുന്നതിന് വിമാന യാത്രക്കൂലിയിനത്തിൽ ഈ സർക്കാർ എന്തു തുക ചെലവഴിച്ചു ; | സി) | സൗദി അറേബ്യയിലെ *സൗദി ഓജർ* കമ്പനി അടച്ചു പൂട്ടിയതുമായി ബന്ധപ്പെട്ട് ഡൽഹിയിൽ എത്തിയ 12 പേരെ കൊച്ചി വരെ എത്തിക്കാൻ 1,22,615/- രൂപ സെപ്റ്റംബർ 2016 വരെ ചെലവഴിച്ചു. |
| ഡി) | ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിരുന്നോ ; എന്തൊക്കെ സഹായങ്ങളാണ് കേന്ദ്ര സർക്കാർ ലഭ്യമാക്കിയതെന്ന് വെളിപ്പെടുത്തുമോ? | ഡി) | ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ അടിയന്തിര ഇടപെടൽ അഭ്യർത്ഥിച്ചുകൊണ്ട് ബഹു : മുഖ്യമന്ത്രി കേന്ദ്ര വിദേശ കാര്യ മന്ത്രിയ്ക്ക് കത്തയച്ചിരുന്നു. ആയതിന്മേൽ കേന്ദ്ര വിദേശ കാര്യ മന്ത്രാലയം അടിയന്തിര നടപടി സ്വീകരിക്കുകയും സൗദി ഓജർ കമ്പനിയിൽ ദുരിതത്തിൽ കഴിയുകയായിരുന്ന മലയാളികളെ നാട്ടിലെത്തിക്കാനുള്ള സഹായം ലഭ്യമാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ